# പ്രത്യേക സാമ്പത്തിക മേഖലകൾ: സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാതങ്ങൾ

നരേഷ്കുമാർ ശർമ്മ

പരിഭാഷ : കെ.ആർ. അജിതൻ

(സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ വച്ചു നടന്ന പ്രത്യേക സാമ്പത്തിക മേഖലകളെക്കുറിച്ചു നടന്ന സമ്മേളനത്തിന്റെ റിപ്പോർട്ടാണിത്. ഇത്തരം മേഖലകളുടെ ജനകീയസമിതിയെക്കുറിച്ചും അവ ഉയർത്തുന്ന നിരവധി പ്രശ്നങ്ങളെപ്പറ്റിയും ഈ റിപ്പോർട്ട് പര്യാലോചിക്കുന്നു.)




കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾക്കിടയിൽ വളരെയധികം പ്രത്യേക സാമ്പത്തികമേഖലകൾ ( സെസ്സുകൾ) ഉയർന്നുവന്നിട്ടുണ്ട്. മിക്കതും നൂറുകണക്കിന് ഏക്കർ ഭൂമിയിൽ പരന്നുകിടക്കുന്നവയാണ്. അതാകട്ടെ സർക്കാർ നിർബ്ബന്ധപൂർവ്വം കൃഷിക്കാരിൽനിന്നും പിടിച്ചെടുത്തവയും. നിയമത്തിന്റെ വൈവിധ്യമാർന്ന പ്രയോഗവും നികുതി ഇളവും കാരണം കയറ്റുമതിക്കാർക്കും വ്യവസായികൾക്കും ഏറെ പ്രിയങ്കരമാണ് സെസ്സുകൾ. ഭാവിയിൽ സെസ്സുകളുടെ കൂട്ടത്തകർച്ച രാജ്യത്ത് സംഭവിച്ചേക്കാനിടയുള്ളതുകൊണ്ട് ഈ മേഖലകൾ ഉയർന്ന സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നത് ഇപ്പോൾ നന്നായിരിക്കും. ജനാധിപത്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, രാജ്യത്തെ രാഷ്ട്രീയസ്ഥിരത, ഭക്ഷ്യസുരക്ഷ എന്നിവ അവയിൽ പ്രധാനമാണ്.

അധികാരമുപയോഗിച്ച് സെസ്സിനുവേണ്ടി ഭൂമി പിടിച്ചെടുക്കുന്നതും, പിടിച്ചെടുത്ത ഭൂമിയ്ക്കുള്ള നഷ്ടപരിഹാരമാനദണ്ഡങ്ങളും പുനരധിവാസപദ്ധതികളും കുടിയിറക്കപ്പെട്ട ജനതയുടെ ശിഥിലീകരണവും ജനാധിപത്യസമൂഹത്തിൽ സെസ്സ് ഉയർത്തുന്ന ചോദ്യങ്ങളുമൊക്കെയാണ് ചർച്ചചെയ്തത്. ഇവയെല്ലാം സാമ്പത്തികസിദ്ധാന്തങ്ങളിലും സമരഫലങ്ങളിലും ഊന്നിക്കൊണ്ടുള്ളതാണ്. പാശ്ചാത്യവികസനമാതൃകകൾ ഇന്ത്യയിൽ അനുയോജ്യമാണോ എന്നതും ഇവിടെ ചർച്ച ചെയ്യുന്നുണ്ട്.

## സെസ്സിന്റെ ലക്ഷ്യങ്ങൾ

മുമ്പ് കയറ്റുമതി വർദ്ധനവിനുവേണ്ടി നല്കിയിരിക്കുന്ന പ്രത്യേക നിയമങ്ങളും നികുതിയിളവുകളുമാണ് ഇപ്പോൾ പ്രത്യേക സാമ്പത്തിക മേഖലാനിയമം 2005 എന്ന രൂപത്തിൽ പുറത്തുവരുന്നത്. ഈ നിയമത്തിന്റെ മുഖവുരയിൽ ഇക്കാര്യം തുറന്നുപറയുന്നുണ്ട്. എന്നാൽ കയറ്റുമതി ഉപജീവനം മാത്രമല്ല, തൊഴിൽ വർദ്ധനവും വികസനമികവും ലക്ഷ്യമാക്കുന്നതുകൊണ്ടാണ് സെസ്സുകൾ നീതീകരിക്കപ്പെടുന്നത്. പ്രധാനമായും ഇൻഫ്രാസ്ട്രക്ച്ചർ വിപുലീകരണത്തിനാണ് ഊന്നൽ. അതുകൊണ്ട് സാമ്പത്തിക വികസനത്തിന്റെ നിർണ്ണായകഘടകമായ ആധുനിക ഉല്പാദനരംഗങ്ങളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിയ്ക്കപ്പെടാമെങ്കിലും നികുതിയിളവുകൾ, പരിസ്ഥിതിയിൽ ദൂരവ്യാപകമായ ആഘാതങ്ങളുണ്ടാക്കുമെന്നാണ് അലോക് ഷീൽ തന്റെ പഠനത്തിൽ മുന്നറിയിപ്പു തരുന്നത്.

ഇന്ത്യയിലെ ആദ്യത്തെ കയറ്റുമതി മേഖല നിലവിൽവന്നത് നാല്പതു വർഷങ്ങൾക്കു മുമ്പാണ്. എന്നാൽ സെസ്സുകളുടെ ധ്രുതഗതിയിലുള്ള ഭ്രാന്തമായ പ്രചാരം ആരംഭിയ്ക്കുന്നത് 2005 ലെ സെസ്സ് നിയമത്തിനു ശേഷമാണ്. ഈ മേഖലയിലെ 95% നിക്ഷേപവും, 60% തൊഴിലും കയറ്റുമതിയിലെ നാടകീയ വർദ്ധനവും സംഭവിച്ചത് 2006 ഫെബ്രുവരിയ്ക്കു ശേഷമാണ് എന്ന് ഷീൽ ചൂണ്ടിക്കാട്ടുന്നു.

2005 ന് ശേഷമുള്ള സെസ്സുകൾ പ്രധാനമായും വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ചെറിയ സ്ഥാപനങ്ങളായിരുന്നെന്ന് പാർത്ഥമുഖ്യോപാദ്ധ്യായ പറയുന്നു. എണ്ണ

സെസ്സ് വ്യവസായമാതൃകയുടെ സ്വഭാവം കാരണം അവ നിർമ്മിച്ച തൊഴിലവസരങ്ങൾ, അതു നഷ്ടപ്പെടുത്തിയവയേക്കാൾ എത്രയോ കുറവാണെന്നു കാണാം. നഷ്ട്പരിഹാരത്തിന്റേയും പുനരധിവാസത്തിന്റേയും പാലിയ്ക്കപ്പെടാത്ത വാഗ്ദാനങ്ങളുടെ കദനകഥകളാണ് മുമ്പും ഇത്തരം പദ്ധതികൾ നമുക്കു തന്നിട്ടുള്ളത്. (കുമാറിന്റെ പഠനം). കുടിയിറക്കപ്പെട്ടവരിൽ പലരും വൻഗനരങ്ങളിലെ തെരുവുകളിൽ തെണ്ടിനടക്കുകയാണ്. എത്ര ചുരുക്കം പേർക്കാണ് ഒരു വാച്ച്മാനെപ്പോലെയെങ്കിലുമുള്ള ചെറിയ ജോലികൾ ലഭിയ്ക്കുന്നത്!

ത്തിൽ കൂടുതലുണ്ടായിരുന്നുവെങ്കിലും ആകെ സെസ്സു മേഖലയുടെ ചെറിയൊരു ശതമാനം സ്ഥലം മാത്രമേ അവർ ഉപയോഗിച്ചിരുന്നുള്ളു. മൊത്തം തൊഴിലുല്പാദനത്തിന്റെ നല്ലൊരു പങ്ക് അവരുടേതായിരുന്നുതാനും. മുമ്പുതന്നെ രൂപംകൊണ്ടിരുന്ന നഗരകേന്ദ്രങ്ങളുടെ അടുത്തായിരുന്നു അവയുടെ സ്ഥാനം. ഇവ കൂടുതലും കേന്ദ്രീകരിച്ചത് ദില്ലി, ബോംബെ, ഹൈദരാബാദ് എന്നിവിടങ്ങളിലെ മൂന്നോ നാലോ പ്രത്യേക ഇടനാഴികളിലായിരുന്നു. വ്യവസായങ്ങൾ ഗ്രാമപ്രദേശങ്ങളിലേക്ക് കടത്തിവിടാൻ സെസ്സുകൾ ഒരിയ്ക്കലും സഹായിച്ചിട്ടില്ല.

**നിർമ്മാണം, സാങ്കേതികം, കയറ്റുമതി**

ചില പുതിയ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യാൻ സെസ്സുകൾ ഇന്ത്യയിലെ സഹായിച്ചിട്ടുണ്ടെന്ന് ആരാധനാ അഗർവാൾ വിലയിരുത്തുന്നു. എന്നാൽ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള പുത്തനുണർവ്വിന് ഇത് കാരണമായിട്ടില്ല. സെസ്സിന്റെ സാധ്യതകൾ ആശാവഹമാണെങ്കിലും ഇതുവരെയുള്ള പ്രകടനത്തിന്റെ ആകത്തുക വെറും ശരാശരി മാത്രമാണ്. എന്നാൽ കയറ്റുമതി, സാങ്കേതികവിദ്യ തുടങ്ങിയ സമൂഹത്തിലെ മറ്റു രംഗങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങൾ പഠന വിധേയമാക്കാത്തതുകൊണ്ട് സെസ്സുകളുടെ ശരിയായ പ്രവർത്തനം ശരാശരിയിലുമെത്തുമോ എന്നത് അന്വേഷണാർഹമാണ്.

ചൈനയിലെ ഇത്തരം മേഖലകളുടെ ആദ്യകാലവിജയത്തിനു ശേഷം ഇത്തരം നയങ്ങൾ വരുത്തിവക്കുന്ന ഭവിഷ്യത്തുകളും അസമത്വങ്ങളും പരിസ്ഥിതി ശൈഥില്യങ്ങളും പുറത്തുവന്നുതുടങ്ങിയിട്ടുണ്ട്. ചൈനയിലെ പ്രത്യേക രാഷ്ട്രീയാന്തരീക്ഷം കാരണം സെസ്സുകളെ സമ്പദ്ഘടനയുടെ മറ്റ് രംഗങ്ങളിൽ നിന്നും മാറ്റി നിർത്താൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. എന്തുതരം സാമ്പത്തിക പ്രവർത്തനമാണ് സെസ്സുകളിൽ വേണ്ടതെന്ന് നിശ്ചയിക്കാനും അവർക്കിന്നു കഴിയുന്നുണ്ട്. ചൈന ഇന്ന് ഒരു തരത്തിലും അനുകരണീയമാതൃക അല്ലെന്നിരിയ്ക്കെ, ഇക്കാര്യത്തിലുള്ള വിപുലമായ പഠനം വിലപ്പെട്ട വിവരങ്ങളിലേയ്ക്ക് നയിക്കുമെന്നുറപ്പാണ്.

**ഭൂമിയും പ്രകൃതി വിഭവങ്ങളും**

സമ്മേളനത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ടത് സെസ്സിനുവേണ്ടി കർഷകരിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചാണ്. പ്രതിരോധസമരം നടക്കുന്ന സ്ഥലങ്ങളിൽനിന്നും സ്വയമേവ ഭൂമി കൈമാറി മാതൃകാസെസ്സ് പദവി കൈവരിച്ച സ്ഥലങ്ങളിൽ നിന്നുമുള്ള പഠനങ്ങൾ അവതരിപ്പിയ്ക്കപ്പെടും. (പടാങ്കർ, സുനിൽ പാണ്ട്, ആഷർ എന്നിവരുടെ പഠനങ്ങൾ) ഭൂമി നഷ്ടപ്പെട്ട കർഷകരും തദ്ദേശ വാസികളും സെസ്സിനെ എന്നും എതിർത്തുപോന്നിട്ടുണ്ട്. വേണ്ടത്ര നഷ്ട്പരിഹാരം നല്കിയില്ലെന്നു മാത്രമല്ല നേരെ ചൊവ്വേ പുനരധിവസിയ്ക്കപ്പെട്ടതുമില്ലെന്ന് ആരോപിയ്ക്കപ്പെടുന്നു. സെസ്സ് വ്യവസായ മാതൃകയുടെ സ്വഭാവം കാരണം അവ നിർമ്മിച്ച തൊഴിലവസരങ്ങൾ, അതു നഷ്ടപ്പെടുത്തിയവയേക്കാൾ എത്രയോ കുറവാണെന്നു കാണാം. നഷ്ട്പരിഹാരത്തിന്റേയും പുനരധിവാസത്തിന്റേയും പാലിയ്ക്കപ്പെടാത്ത വാഗ്ദാനങ്ങളുടെ കദനകഥകളാണ് മുമ്പും ഇത്തരം പദ്ധതികൾ നമുക്കു തന്നിട്ടുള്ളത്. (കുമാറിന്റെ പഠനം). കുടിയിറക്കപ്പെട്ടവരിൽ പലരും വൻഗനരങ്ങളിലെ തെരുവുകളിൽ തെണ്ടിനടക്കുകയാണ്. എത്ര ചുരുക്കം പേർക്കാണ് ഒരു വാച്ച്മാനെപ്പോലെയെങ്കിലുമുള്ള ചെറിയ ജോലികൾ ലഭിയ്ക്കുന്നത്!

മഹാരാഷ്ട്രത്തിലെ അലിഭാഗ് ജനതയുടെ (റായുഗഡ് ജില്ല) കഴിഞ്ഞ രണ്ടു വർഷത്തെ സമരമാണ് പടാങ്കർ പഠനവിധേയമാക്കിയത്. സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യം വൈദ്യുതനിലയങ്ങളുടെ ഉൽപാദനത്തേക്കാൾ വരുംകാലങ്ങളിൽ കൂടുമെന്നും, ഈ നിലയങ്ങൾ പാരിസ്ഥിതികപ്രശ്നങ്ങൾക്ക് വഴിമരുന്നിടുമെന്നും അദ്ദേഹം പറയുന്നു. പഠനം, ബദൽ ഊർജ്ജനിർദ്ദേശങ്ങളും മുന്നോട്ടു വയ്ക്കുന്നുണ്ട്.

ഗുജറാത്തിലെ കേൾവികേട്ട സെസ്സ് വിജയമാതൃകകളാണ് ആഷർ തന്റെ പഠനത്തിനു വിധേയമാക്കിയത്. ഭൂമി ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ മറ്റെവിടത്തേയും പോലെ ഗുജറാത്തിലുമുണ്ട്. (രാജ്യത്തെ ചില വൻസെസ്സുകൾ ഗുജറാത്തിലാണ്. സംസ്ഥാനങ്ങളിൽവെച്ച് ഏറ്റവും കൂടുതൽ ഭൂമി സെസ്സിനുവേണ്ടി നീക്കിവെച്ചിട്ടുള്ളത് ഗുജറാത്തിലാണ്) ഭൂമിയുടെ സമാധാനപരമായ കൈമാറ്റം സാധ്യമായത് പ്രതിപക്ഷ കക്ഷികളുൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികളുടെ മൗനം കാരണം മാത്രമാണ്. ഭൂമിയ്ക്കു മേൽ വ്യക്തമായ അധികാരരേഖകളില്ലാത്ത ചില ഗോത്രവർഗ്ഗങ്ങളെയാണ് ഇത് ഏറ്റവും ബാധിച്ചത്. ഉപജീവനത്തിനുവേണ്ടി ഭൂമിയല്ലാതെ അവർക്ക് മറ്റൊന്നുമുണ്ടായിരുന്നില്ല. ഈ സ്വകാര്യകമ്പനി അധികാരം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിനെതിരെ, ഭൂമി ഏറ്റെടുക്കാൻ നോട്ടീസ് നല്കുകപോലുമുണ്ടായി

യെന്ന വാർത്തപോലും അവർ വെളിപ്പെടുത്തുന്നു.

പ്രകൃതിവിഭവങ്ങളുടെ നിയന്ത്രണം കൈപ്പിടിയിലൊതുക്കാനുള്ള തന്ത്രത്തിന്റെ ഭാഗമായും സെസ്സിനെ കാണാവുന്നതാണ്. ജലവിഭവങ്ങളുടെ പ്രശ്നം പ്രത്യേക പരാമർശമർഹിക്കുന്നു. ഇത്രയും സെസ്സ് മേഖലകൾക്കു വേണ്ട ജലം ഏതു ഭീമൻ സ്രോതസ്സിൽനിന്നാണ് കിട്ടുക? സാധാരണ ജനങ്ങൾക്ക് സ്വന്തം ജലത്തിലുള്ള അവകാശം കുറഞ്ഞുകുറഞ്ഞ് അതൊരു വില്പനച്ചരക്കായിമാറുന്ന കാലം വിദൂരമല്ല. മനുഷ്യന്റെ നിലനില്പിനു നിർണ്ണായകമായ ജലം ഭാവിയുദ്ധങ്ങൾക്കു തന്നെ വഴിവച്ചുകൂടെന്നില്ല. ഭൂമിയുടേയും ജലത്തിന്റേ.യും പിടിച്ചെടുക്കലുകൾ ഭക്ഷ്യസുരക്ഷയെ ഗുരുതരമായി ബാധിയ്ക്കാനിടയുണ്ട്. ഹിമാലയൻ പ്രദേശിലെ യുനി ജില്ലയിൽനിന്നും സമ്മേളനത്തിനെത്തിയ പ്രതിനിധികൾ, അവർ എന്തുകൊണ്ടും സെസ്സിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനെ എതിർക്കുന്നു എന്നു വിശദീകരിയ്ക്കുകയുണ്ടായി.

### ഇളവുകളും സൂക്ഷ്മസാമ്പത്തിക പ്രത്യാഘാതങ്ങളും

സമീപകാലത്ത് ഇന്ത്യയിൽ ഒരു പ്രത്യേക പ്രതിഭാസം ദൃശ്യമാക്കുന്നുണ്ട്. സാമ്പത്തികശാസ്ത്രത്തിലെ സിദ്ധാന്തപ്രകാരം കമ്പനികൾ പരസ്പരം മത്സരിക്കുന്നതിനുപകരം, സംസ്ഥാനങ്ങൾ ചുളുവിലക്ക് ഭൂമിയും നികുതിയിളവുകളും പ്രഖ്യാപിച്ച് സെസ്സുകളെ ആകർഷിക്കുന്നതിൽ പരസ്പരം മത്സരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഭീമാകാരമാണ് ഇങ്ങനെ ഉണ്ടാകുന്ന റവന്യൂ നഷ്ടം. പൊതുജനക്ഷേമത്തിനുള്ള പണം കണ്ടെത്താൻ ഇത് സർക്കാരിനെ ബുദ്ധിമുട്ടിലാക്കുന്നു. ഇത് സമൂഹത്തിലെ താഴ്ന്ന വിഭാഗങ്ങളെയാണ് ഏറ്റവും ബാധിയ്ക്കാൻ പോകുന്നത്. സെസ്സുകൾക്കു നല്കുന്ന ഇളവുകൾമൂലം സമൂഹത്തിൽ നിക്ഷേപം വളരെത്താഴെയായിത്തന്നെ നിലനില്ക്കും.

സെസ്സ് നിലവിലുള്ള സംസ്ഥാനങ്ങളും അവ ഇല്ലാത്ത സംസ്ഥാനങ്ങളും തമ്മിൽ പ്രകടനത്തിന്റെ കാര്യത്തിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു നോക്കാം. ചില അടിസ്ഥാനമറുപടികൾ രോഹിത് പ്രസാദ് പറഞ്ഞുതരുന്നുണ്ട്. സെസ്സ് സംസ്ഥാനങ്ങൾ ഉല്പാദനത്തിലും കൃഷി വ്യാവസായികരംഗങ്ങളിലും മുന്നിട്ടു നില്ക്കുന്നുവെങ്കിലും ആളോഹരി കണക്കെടുക്കുമ്പോൾ ഇതെല്ലാം അപ്രത്യക്ഷമാകുന്നു. പിന്നെ കയറ്റുമതി വരുമാനം മാത്രമാണ് അവരെ അല്പമെങ്കിലും വേർതിരിക്കുന്നത്. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ഉല്പാദന-കാർഷികമേഖലകളുടെ ഉന്നമനത്തിനും പ്രാദേശിക വികസനത്തിനും സെസ്സുകൾക്ക് ഒരു ചലനവുമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പ്രസാദ് പറഞ്ഞുവരുന്നു.

### സൈദ്ധാന്തികവിശകലനം

സെസ്സുപ്രശ്നം പ്രധാനമായും രണ്ട് തലങ്ങളിൽ നിന്നുകൊണ്ട് വിശകലനം ചെയ്യാം. ശുദ്ധമായ തർക്കശാസ്ത്രനിബന്ധമാണ് ആദ്യത്തേതെങ്കിൽ സാമ്പത്തികസിദ്ധാന്തങ്ങളിൽ ഊന്നിക്കൊണ്ടുള്ളതാണ് രണ്ടാമത്തേത്. ഈ രണ്ടു തലത്തിലായാലും സെസ്സ്, നിലനില്പിനായുള്ള പാസുമാർക്ക് നേടുന്നില്ലെന്നാണ് നരേഷ്കുമാർ ശർമ്മ കണ്ടെത്തുന്നത്. താർക്കികമായി, സെസ്സുകൾ സാമ്പത്തികപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയോ അങ്ങനെ ചെയ്യാതിരിക്കുകയോ ഉണ്ടാകാം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ സെസ്സുകളുടെ ആവശ്യമില്ല തന്നെ. അഥവാ അവ സാമ്പ



സമീപകാലത്ത് ഇന്ത്യയിൽ ഒരു പ്രത്യേക പ്രതിഭാസം ദൃശ്യമാക്കുന്നുണ്ട്. സാമ്പത്തികശാസ്ത്രത്തിലെ സിദ്ധാന്തപ്രകാരം കമ്പനികൾ പരസ്പരം മത്സരിക്കുന്നതിനുപകരം, സംസ്ഥാനങ്ങൾ ചുളുവിലക്ക് ഭൂമിയും നികുതിയിളവുകളും പ്രഖ്യാപിച്ച് സെസ്സുകളെ ആകർഷിക്കുന്നതിൽ പരസ്പരം മത്സരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഭീമാകാരമാണ് ഇങ്ങനെ ഉണ്ടാകുന്ന റവന്യൂ നഷ്ടം. പൊതുജനക്ഷേമത്തിനുള്ള പണം കണ്ടെത്താൻ ഇത് സർക്കാരിനെ ബുദ്ധിമുട്ടിലാക്കുന്നു. ഇത് സമൂഹത്തിലെ താഴ്ന്ന വിഭാഗങ്ങളെയാണ് ഏറ്റവും ബാധിയ്ക്കാൻ പോകുന്നത്. സെസ്സുകൾക്കു നല്കുന്ന ഇളവുകൾമൂലം സമൂഹത്തിൽ നിക്ഷേപം വളരെത്താഴെയായിത്തന്നെ നിലനില്ക്കും.

ത്തികപ്രവർത്തനങ്ങൾക്ക് വേഗത കൂടുന്നുണ്ടെങ്കിലും അവ നമുക്കാവശ്യമില്ല. കാരണം ഒരു പ്രത്യേക സ്ഥലത്ത് ഗുണകരമാകുന്ന നയങ്ങൾക്ക് എന്തുകൊണ്ട് രാജ്യത്താകമാനം പ്രയോഗക്ഷമമാകാൻ പറ്റുന്നില്ല?

സാമ്പത്തികശാസ്ത്രസിദ്ധാന്തപ്രകാരം, ചിലർക്ക് ആകമാനം കുറക്കാൻ കഴിഞ്ഞാൽ ഉല്പാദനത്തിന്റെ ഏതു മേഖലയിലും ലാഭമുണ്ടാക്കാൻ കഴിയും. ആവശ്യത്തിൽ കാര്യമായ മാറ്റങ്ങളൊന്നുമുണ്ടാകില്ലെന്ന് സങ്കല്പിച്ചാൽ ഉല്പാദനം ഗണ്യമായി കൂടേണ്ടതാണ്. എന്നാൽ ഈ സിദ്ധാന്തം സെസ്സിൽ പരിപാലിയ്ക്കപ്പെടുന്നില്ല. ഉല്പാദനത്തിൽ കൂടുതൽ രേഖപ്പെടുത്തിയാലും മൊത്തം രാജ്യാന്തര ഉല്പാദനത്തിൽ വർദ്ധനവുണ്ടായിക്കൊള്ളണമെന്നില്ല. ലാഭം എല്ലാവർക്കും ഗുണകരമാകണമെന്നില്ല; ചിലർ പൊളിഞ്ഞുപാളീസാകാനും മതി. സമൂഹത്തിലെ മൊത്തം ഉല്പാദനം മുമ്പേ പ്രവചിച്ചുറപ്പിക്കാൻ അത്ര എളുപ്പമല്ല. നികുതിയിളവുകളും മറ്റും സമൂഹത്തിന്റെ ആകെ ഉല്പാദനത്തെ കുറച്ചു കാണിക്കുമെന്ന് സിദ്ധാന്തങ്ങൾ ഉറപ്പിച്ചു പറയുന്നു.

**നിയമവും സാമ്പത്തികശാസ്ത്രവും**

സെസ്സിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങളാണ് ഈ വിഭാഗത്തിൽ ഏറെയും ശ്രദ്ധയാകർഷിച്ചത്. (ഹസ്രാ, ജെയ്ൻ, മഹന്താ: പാൽ എന്നിവരുടെ പഠനങ്ങൾ ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങൾ വളരെ കൂലംകഷമായി ജെയ്ൻ പഠനവിധേയമാക്കുന്നുണ്ട്. ഭൂഉടമയുടെ വിലയിരുത്തലിനേക്കാൾ നഷ്ടപരിഹാരം കുറഞ്ഞുപോകരുതെന്നുണ്ട്. അങ്ങനെയാണെങ്കിൽ സാധാരണ കമ്പോളത്തിലൂടെത്തന്നെ ഭൂമി വാങ്ങാമല്ലോ, സെസ്സുകൾക്ക്?

**ജനാധിപത്യവും ഭരണഘടനയും**

ജനാധിപത്യസ്ഥാപനങ്ങളുടെ തരംതാഴ്ത്തപ്പെടലാണ് നിരവധി പ്രഗൽഭരുടെ ശ്രദ്ധയാകർഷിച്ച മറ്റൊരു വിഷയം. ഇന്ത്യൻ ഭരണഘടനയുടെ സ്വഭാവത്തിന് കടകവിരുദ്ധമായി എങ്ങനെ സെസ്സ് രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കപ്പെട്ടു. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഒരു സ്ഥാപനത്തിനു സെസ്സിൽ സ്ഥാനമുണ്ടാകില്ലെന്ന് നിയമത്തിൽ എടുത്തു പറയുന്നുണ്ട്. അപ്പോൾ സെസ്സുകൾ ഭരണഘടനക്ക് അതീതമാണോ?

സമ്മേളനത്തിലെ പ്രബന്ധാവതരണങ്ങളും തുടർന്നുള്ള ചർച്ചകളും സെസ്സിന്റെ അഭികാമ്യതയെകുറിച്ച് സംശയം ജനിപ്പിച്ചിട്ടുണ്ട്. ഒറ്റനോട്ടത്തിൽ, സെസ്സുകൾ പല പ്രശ്നങ്ങളിലേക്കുള്ള ചൂണ്ടുപലകയാണ്. ഭൂമിയേറ്റെടുക്കലിനെതിരെയുള്ള പരാതികൾ ഇപ്പോൾതന്നെ പല സ്ഥലങ്ങളിലും കൂടികൂടി വരുന്നുണ്ട്. ഇതാകട്ടെ ഒരാളുടെ അറിവിനും ആശയത്തിനും അനുസരിച്ച് അവകാശപൂർവ്വം ജീവിയ്ക്കാനുള്ള സംവിധാനത്തിനു വേണ്ടിയുള്ള സമരം കൂടിയാണ്.

പ്രാദേശികവാദങ്ങൾ പലയിടത്തും വ്യത്യാസപ്പെട്ടിരിക്കുന്നു. ഭൂമി കൈയേറ്റവും സെസ്സ് നിർമ്മാണവും ചില സ്ഥലങ്ങളിൽ സമാധാനപരമായി നടക്കുന്നുണ്ട്. പക്ഷേ, സിദ്ധാന്തപരവും ആശയപരവുമായി നമുക്ക് ഉറപ്പിച്ചു പറയാൻ കഴിയും. സെസ്സ് നയം, ഗൗരവകരമായ പ്രത്യാഘാതങ്ങളിലേക്കാണ് കൊണ്ടുപോകുന്നതെന്ന്. അത് സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കും ജനാധിപത്യസ്ഥാപനങ്ങളുടെ തകർച്ചക്കും വഴിയൊരുക്കും. സാധാരണ ജനങ്ങൾക്ക് ഇടപെടാനുള്ള സാമ്പത്തികതലം വളരെ വേഗത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി നമുക്കു വേണ്ടത് ഈ പ്രശ്നത്തിന്റെ വിവിധ തലങ്ങളിൽ നിന്നുള്ള വിശകലനവും ചർച്ചയുമാണ്. ഇനിയും കൂടുതൽ കൂടുതൽ സെസ്സുകൾ രൂപം കൊള്ളാനിരിക്കേ, ഈ വിശകലനങ്ങൾ തീർച്ചയായും വളരെയധികം പ്രധാനപ്പെട്ടതാണ്.

*(നരേഷ് കുമാർ ശർമ്മ, ഹൈദ്രാബാദ് സർവ്വകലാശാലയിലെ സാമ്പത്തിക ശാസ്ത്രവിഭാഗത്തിൽ ജോലി ചെയ്യുന്നു. na.ku.sharma@gmail.com)*

## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**Source of Life for Sale** 60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**

കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 04872421385